(ഡി) പ്രസ്തുത റൂട്ട് നോട്ടിഫൈഡ് റൂട്ടായതിനാൽ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്, ഓർഡിനറി സർവ്വീസുകൾ കൂടുതലായി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കാസർഗോഡ് ഡിപ്പോയിൽ നിന്നും 5-ഉം ഗുരുവായൂർ, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ ഡിപ്പോകളിൽനിന്നും ഓരോ സർവ്വീസ് വീതവും നടത്തുന്നുണ്ട്.

(സി) ഉണ്ട്. സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തിവരുന്നത് കുറച്ച് സമയത്തിനുള്ളിൽ കൂടുതൽ യാത്ര ചെയ്യുന്ന യാത്രക്കാരെ ഉദ്ദേശിച്ചാണ്. ആയതിനാൽ അത്തരം സർവ്വീസുകൾക്ക് നിലവിലുള്ളതിൽ കൂടുതൽ സ്റ്റോപ്പ് അനുവദിച്ചാൽ അവ ദീർഘദൂര യാത്രക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും.

(ഡി) ബസ്സിന്റെ ലഭ്യതക്കുറവുണ്ട്. ബസ്സുകൾ ലഭ്യമാകുന്ന . മുറയ്ക്കും സർവ്വീസുകളുടെ സാമ്പത്തിക വശം കൂടി കണക്കിലെടുത്തും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്.

കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

322 (3834) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ഒരു സബ് ഡിപ്പോ ആയി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ബഹുജന പങ്കാളിത്തത്തോടെ ആരംഭിച്ച ടി സെന്ററിലേക്ക് കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ 3 ഏക്കർ സ്ഥലത്ത് സബ് ഡിപ്പോ ആരംഭിക്കാമെന്ന കെ.എസ്.ആർ.ടി.സി.യുടെയും സർക്കാരിന്റെയും ഉറപ്പ് പാലിക്കാതിരിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) ടി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവർമാരുടെ കുറവ് നികത്താനും ബസുകളുടെ കുറവ് നികത്താനും നടപടികൾ സ്വീകരിക്കുമോ; കുളത്തുപ്പുഴ-കൊല്ലം വേണാട് ചെയിൻ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുവാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കുളത്തുപ്പുഴയിൽനിന്നും 2 ബസ്സും കൊല്ലം ഡിപ്പോയിൽ നിന്ന് 2 ബസ്സും സർവ്വീസ് നടത്തുമെന്ന തീരുമാനം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം അടിയന്തരമായി നടപ്പാക്കുമോ?

ഉത്തരം

(എ & ബി) ഒരു ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആയി ഉയർത്തുമ്പോൾ ആയതിലേയ്ക്കാവശ്യമായി സ്ഥലവും കെട്ടിടവും മറ്റ് അനുബന്ധ ചെലവുകളും ബന്ധപ്പെട്ട നഗരസഭയോ ഗ്രാമ പഞ്ചായത്തോ അതുമല്ലെങ്കിൽ എം.എൽ.എ., എം.പി. ഫണ്ടിൽനിന്നും ചെലവിട്ടാലും തുടർ പ്രവർത്തന ചെലവുകൾക്ക് കെ.എസ്.ആർ.ടി.സി. പ്രതിമാസം ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുള്ള ബാധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കുളത്തുപ്പുഴ ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആയി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഡ്രൈവർമാരുടെ കുറവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലത്തുനിന്നും കുളത്തുപ്പുഴയിൽനിന്നും 2 ബസ്സുകൾ വീതം അധികം നൽകി 20 മിനിട്ട് ഇടവിട്ട് 14 ബസ്സുകൾ ഇപ്പോൾ പ്രസ്തുത മേഖലയിലൂടെ സർവ്വീസ് നടത്തി വരുന്നു.

പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

323 (3835) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പെരുമ്പാവൂരിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ആകെ സർവ്വീസുകൾ ഏതൊക്കെയാണ്; ഇതിനായി നിലവിലുള്ള ബസ്സുകളുടെ എണ്ണം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly